**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** — **02-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റവന്യൂ ഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനും അർഹരായവരുടെ കൈവശ ഭൂമിക്ക് രേഖ നൽകുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10/09/2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/18/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധിദിനങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. അർഹരായവരുടെ കൈവശ ഭൂമിക്ക് കൈവശരേഖ നൽകുന്നതിന് 07.07.1997 ലെ ജി.ഒ (എം.എസ്) 511/97/റവ, 09.11.1999 ലെ ജി.ഒ (എം.എസ്) 440/99/റവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പട്ടയ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ട ഇടപെടൽ ഉണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ; | (ബി) | പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സമയബന്ധിതമായ നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് |

| | | | |
|---|---|---|---|
| | | | നിയമത്തിന്റെ കീഴിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കുന്നത്. സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പട്ടയ അപേക്ഷകളിൽ കാലതാമസമില്ലാതെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ലാൻഡ് ട്രിബ്യൂണൽ ചെയർമാൻമാർക്ക് നൽകിയിട്ടുള്ളതാണ്. പട്ടയ അപേക്ഷകളിൽ നിയമാനുസൃതമായിട്ടുള്ളവയിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടികൾ പൂർത്തികരിച്ച് അർഹരായവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകളിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 01.04.1964 ന് മുമ്പ് മുതൽ ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രൈബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകൾ, 16 ദേവസ്വം ട്രൈബ്യൂണലുകൾ, 16 സ്പെഷ്യൽ ഓഫീസ് ട്രൈബ്യൂണലുകൾ എന്നിവയാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസുകൾ നാമമാത്രമാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസീൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കോവിഡ് 19 നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ വിചാരണ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് തീർപ്പാക്കൽ പുരോഗതിയിൽ കുറവ് വന്നിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അർഹരായവരെ മുഴുവൻ ഭൂമിയുടെ പൂർണ്ണ അവകാശികളാക്കി മാറ്റാൻ വേണ്ടി വിളിച്ചു ചേർക്കുകയും ഓരോ ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ കേസുകളുടെ പുരോഗതി അവലോകനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10/09/2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/18/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധിദിനങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. അർഹരായവരുടെ കൈവശ ഭൂമിക്ക് കൈവശരേഖ നൽകുന്നതിന് 07.07.1997 ലെ ജി.ഒ (എം.എസ്) 511/97/റവ, 09.11.1999 ലെ ജി.ഒ (എം.എസ്) 440/99/റവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സമയബന്ധിതമായ നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കുന്നത്. സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പട്ടയ അപേക്ഷകളിൽ കാലതാമസമില്ലാതെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ലാൻഡ് ട്രിബ്യൂണൽ ചെയർമാൻമാർക്ക് നൽകിയിട്ടുള്ളതാണ്. പട്ടയ അപേക്ഷകളിൽ നിയമാനുസൃതമായിട്ടുള്ളവയിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടികൾ പൂർത്തികരിച്ച് അർഹരായവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 01.04.1964 ന് മുമ്പ് മുതൽ ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രൈബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകൾ, 16 ദേവസ്വം ട്രൈബ്യൂണലുകൾ, 16 സ്പെഷ്യൽ ഓഫീസ് ട്രൈബ്യൂണലുകൾ എന്നിവയാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസുകൾ നാമമാത്രമാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസീൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്.

കോവിഡ് 19 നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ വിചാരണ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് തീർപ്പാക്കൽ പുരോഗതിയിൽ കുറവ് വന്നിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അർഹരായവരെ മുഴുവൻ ഭൂമിയുടെ പൂർണ്ണ അവകാശികളാക്കി മാറ്റാൻ വേണ്ടി വിളിച്ചു ചേർക്കുകയും ഓരോ ട്രൈബ്യൂണലിനും പ്രതിമാന ടാർജറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ കേസുകളുടെ പുരോഗതി അവലോകനം നടത്തുന്നുണ്ട്. ഈ നടപടികളിലൂടെ വരുന്ന 2-3 മാസത്തിനുള്ളിൽ കേസ് തീർപ്പാക്കലിൽ വലിയ പുരോഗതി ഉണ്ടാക്കാൻ സാധിക്കും .